# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനായി പുതിയ വിവര ശേഖരണം അദ്ധ്യാപകരെ ഉപയോഗിച്ച് നടത്തുവാൻ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം.62/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി, 27/4/2009**

---

## ഉത്തരവ്

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ബി.പി.എൽ. സെൻസസ്സ് 2003-ൽ ഗ്രാമവികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിച്ച് നടത്തുകയുണ്ടായി. ഇപ്രകാരം ശേഖരിച്ച വിവരങ്ങൾ സാധുതാ പരിശോധന നടത്തി തയ്യാറാക്കിയ ലിസ്റ്റ് ഗ്രാമസഭകളിൽ പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുകയുണ്ടായി. അതോടൊപ്പം 2007-ൽ നഗര പ്രദേശങ്ങളിൽ ബി.പി.എൽ. സർവ്വെ നടത്തിയിരുന്നു. ആയത് പൂർത്തീകരിച്ചിട്ടില്ല.

ഇതിനോടകം തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ അപാകതകൾ കടന്നുകൂടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കി, സുതാര്യമായ രീതിയിൽ സംസ്ഥാനത്തെ ബി.പി.എൽ. സർവ്വെ നടത്തി പട്ടിക തയ്യാറാക്കേണ്ടതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി.

ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് പുതിയ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിവര ശേഖരണം, അദ്ധ്യാപകരെ ഉപയോഗിച്ച് നടത്തുന്നതിന് ഉത്തരവാകുന്നു. പൊതു വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിശദാംശങ്ങൾ തയ്യാറാക്കണം. ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും സർവ്വെ നടത്തിപ്പ് ഗ്രാമവികസന കമ്മീഷണർ ഏകോപിപ്പിച്ച് നടത്തേണ്ടതാണ്. ഈ പ്രക്രിയ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എസ്.എം. വിജയാനന്ദ്,**

**പ്രിൻസിപ്പൽ സെക്രട്ടറി.**

1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
( ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ ജില്ലാ കളക്ടർമാർക്കും.
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
10. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
11. ഡയറക്ടർ, ഐ.കെ.എം., (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. പൊതുഭരണ (എസ്.സി.) വകുപ്പിന് (ഇനം നം. )
13. ഡയറക്ടർ, പബ്ളിക് റിലേഷൻസ്.
14. ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.